Police Department.

372. മിസ്റ്റർ പി. സി. ചാഞ്ചൻ.—ഫ്ഫ൦സ മകരം പ൦-൦ന- മുളവുകാട് സുബ്രഹ്മണ്യക്ഷേത്രത്തിലെ പൂയം പ്രമാണിച്ചുള്ള ഉത്സവാഘോഷത്തിനു താലം, കാവടി മുതലായ ആഘോഷത്തോടുകൂടി ശവമ്മെണ്ട് പൊതുനിരത്തിൽകൂടി വന്നതായ എഴുന്നള്ളിപ്പിനെ മുളവുകാട്, പുന്നാരിമംഗലം സ്കൂളിന്റെ പടിക്കൽ വെച്ച് അവിടത്തെ ക്രിസ്ത്യാനികൾ തടഞ്ഞു നിറുത്തി ആക്ഷേപിച്ച സംഗതി ശവമ്മെണ്ടിന്റെ ഉടയിയിൽ പതിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എന്തു സമാധാനമാണ് ചെയ്തിട്ടുള്ളതെന്നു സഭയും മറുപടി പറയാമോ;

(b) ടി ക്ഷേത്രത്തിൽ മേൽപറഞ്ഞ തിയ്യതിയിൽ ഉത്സവത്തിനു സമാധാന രക്ഷക്കു വന്നതായ പോലീസ് കൺസ്റ്റേബിൾമാർ ടി സംഭവത്തെക്കുറിച്ചു മേലധികാരികൾക്കു വല്ല റിപ്പോർട്ടും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി സഭയും മേശപ്പുറത്തു വെച്ചുതരാമോ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—(a) ഉണ്ട്: കാര്യത്തെ പറ്റി അന്വേഷണം നടത്തിയതിൽ കീഴ്നടപടിപ്രകാരം പള്ളിയുടെ മുൻവശം റോഡിൽ കൂടി വാദ്യങ്ങളോടുകൂടി ഘോഷയാത്ര പാടില്ലെന്നു ക്രിസ്ത്യാനികൾ വിലക്കുകയും, സമാധാന ലംഘനം ഉണ്ടാകാത്ത വിധത്തിൽ കീഴ്നടപടി അനുസരിച്ചു ഘോഷയാത്ര പോകണ്ടതാണെന്നു സമാധാനപരിപാലനത്തിനു ചെന്നിരുന്ന പോലീസ് കൺസ്റ്റേബിൾമാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(b) പോലീസ് കൺസ്റ്റേബിൾമാരുടെ റിപ്പോർട്ട് ഒന്നും കിട്ടീട്ടില്ല.

മിസ്റ്റർ പി. സി. ചാഞ്ചൻ.—മുളവുകാട്ട ക്രിസ്ത്യാനികളുടെവക എത്രപള്ളിയുണ്ടെന്നു അറിയാമോ?

മിസ്റ്റർ ഐ. എൻ. മേനോൻ —അറിഞ്ഞുകൂടാ, നോട്ടീസ് വേണം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—പൊന്നാരിമംഗലത്തു പള്ളിയുണ്ടോ എന്നു അറിഞ്ഞുകൂടെ?

മിസ്റ്റർ ഐ. എൻ. മേനോൻ.—അറിഞ്ഞുകൂടാ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ഉത്തരത്തിൽ പറയുന്ന കെട്ടിടം പള്ളിയാണൊ.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഒരു ചാപ്പലാണത്.

മിസ്റ്റർ പി. സി. ചാഞ്ചൻ—പള്ളി അവിടെ ഉള്ളതായി സമാധാനപരിപാലനത്തിനായി പോല്ലീസ് കൺസ്റ്റേബിൾമാരുടെ റിപ്പോർട്ട കിട്ടിയൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—അനേഷണത്തിൽ അങ്ങിനെയാണു അറിവു കിട്ടിയതു, അതനുസരിച്ചു ഈ വഷ്വും ചെയ്തു.

മിസ്റ്റർ പി. സി. ചാഞ്ചൻ.—പൊന്നാരിമംഗലത്തു പള്ളിയുണ്ടൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—മറുപടി പറഞ്ഞിട്ടുണ്ട്.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ക്രിസ്ത്യാനികളുടെ പള്ളികളുടെ മുമ്പിൽ ഘോഷയാത്ര നിറുത്തണമെന്നും ബാക്കി സമുദായങ്ങളുടെ ദേവാലയങ്ങളുടെ മുമ്പിൽ ഘോഷയാത്ര നിറുത്താൻ പാടില്ലെന്നും വല്ല നിയമവും ഉണ്ടൊ?

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—ചോദ്യം മനസ്സിലായില്ല.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ക്രിസ്ത്യാനികളുടെ പള്ളിയുടെ മുമ്പിൽ ഘോഷയാത്ര നിറുത്തണമെന്നു പറയുന്നുണ്ട്. ബാക്കിയുള്ള സമുദായങ്ങളുടെവക ദേവാലയങ്ങളുടെ മുമ്പിൽകൂടി ഘോഷയാത്ര പോകാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നീലകണ്ഠമേനോൻ.—കീഴ്നടപ്പുപ്രകാരം ചെയ്തിട്ടുള്ളതാണെന്നു പറയാൻ സാധിക്കയുള്ളൂ.

മിസ്റ്റർ പി. സി. ചാണ്ടൻ.—പൊന്നാരിമംഗലം സ്റ്റേഷൻ ഒരു ഗ്രാൻറ് സ്റ്റേഷനാണ്. അതുമേവാലയമെന്നു വരുത്തിക്കുന്നസ്ഥിതിക്ക് ഗ്രാൻറ് പിടിക്കുമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—മേവാലയത്തിനു ഗ്രാൻറ് കൊടുക്കുന്നില്ല. വിദ്യാലയത്തിനെ ഗ്രാൻറ് കൊടുക്കുന്നുള്ളൂ.

മിസ്റ്റർ പി. സി. ചാണ്ടൻ.—വിദ്യാലയത്തിനാണെന്നുംപറഞ്ഞു പള്ളിക്കായി ഗ്രാൻറ് വാങ്ങുന്നതായി ഗവൺമെണ്ടിനറിയാമോ?

മിസ്റ്റർ ഐ. എൻ. മേനോൻ.—വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിനു് അറിവില്ല.

മിസ്റ്റർ പി. സി. ചാണ്ടൻ.—അതു് അന്വേഷിക്കണമെന്നു മാത്രമെ ഞാൻ അപേക്ഷിക്കുന്നുള്ളൂ. പള്ളി സ്റ്റേഷനാണെന്നുംപറഞ്ഞു ഗ്രാൻറ വാങ്ങുന്നുണ്ടു്.

മിസ്റ്റർ ഐ. എൻ. മേനോൻ.—ഇതുവരെ ഗ്രാൻറ കൊടുത്തിട്ടുള്ളതൊക്കെ സ്റ്റേഷനാണെന്നുള്ള വിചാരത്തോടുകൂടിയാണു്. അതിനെപ്പറ്റി അന്വേഷിക്കാം.

Vellangallur Anchal Office.

373. Mr. V. Achyuta Menon.—Will the Government be pleased to inform this House :—

(a) what financially the result of the working of the Vellangallur Branch Anchal Office in 1105 was ;

(b) why Government has not yet thought of raising it to the sub-Anchal Office ?

Rama Varmha Tampuran.—

(a) Income Rs. 379—3—0.
Expenditure Rs. 259—8—0.

(b) The income is chiefly derived from the sale of stamps which alone comes to Rs. 347—10—0. There has been no appreciable increase in correspondence or business transaction in the office. There are no reasons to hope that the office would bring in the new revenue necessary to meet the extra cost involved in raising it to a sub-office. For these reasons, it has not been raised to a sub-Anchal Office.

LIBRARY ARCHIVES Kerala Legislative Assembly